Break the Chain

# കേരളസർവകലാശാല

നം.04/2022/പി.ആർ.

തിരുവനന്തപുരം,
08.08.2022.

## പരിപത്രം

വിഷയം:- ഉദ്യോഗസ്ഥ - ഭരണപരിഷ്കാര (ഔദ്യോഗികഭാഷ) വകുപ്പ് - ഭരണഭാഷാപുരസ്കാരങ്ങൾ 2022 - സംബന്ധിച്ച്.

ഔദ്യോഗികഭാഷ പൂർണ്ണമായും മലയാളമാക്കുന്നതിനും ഭരണരംഗത്ത് മലയാളഭാഷയുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിനുമുള്ള വിവിധ പദ്ധതികളുടെ ഭാഗമായി കേരളസർക്കാരിന്റെ വിവിധവകുപ്പുകളിലും സ്ഥാപനങ്ങളിലും സേവനമനുഷ്ഠിക്കുന്ന ക്ലാസ് 1, 2, 3 വിഭാഗത്തിൽപ്പെട്ട ജീവനക്കാർക്കും ക്ലാസ് 3 വിഭാഗത്തിൽപ്പെട്ട ടൈപ്പിസ്റ്റ്/കമ്പ്യൂട്ടർഅസിസ്റ്റന്റ്/സ്റ്റെനോഗ്രാഫർമാർക്കും സംസ്ഥാനതല ഭരണഭാഷാസേവനപുരസ്കാരങ്ങളും, എല്ലാ വിഭാഗത്തിൽപ്പെട്ട ജീവനക്കാരെയും പരിഗണിക്കുന്ന ഗ്രന്ഥരചനാ പുരസ്കാരവും (സംസ്ഥാനതലം), ക്ലാസ് 3 വിഭാഗത്തിൽപ്പെട്ട ജീവനക്കാർക്ക് ജില്ലാതല ഭരണഭാഷാസേവനപുരസ്കാരവും, ഏറ്റവും മികച്ച ഭാഷാമാറ്റം കൈവരിക്കുന്ന വകുപ്പിനും ജില്ലയ്ക്കും പ്രത്യേക പുരസ്കാരവും ഏർപ്പെടുത്തിക്കൊണ്ട് സർക്കാർ ഉത്തരവായിരിക്കുന്നു.

2021 കലണ്ടർ വർഷം മലയാളത്തിൽ ചെയ്ത ജോലികളാണ് പുരസ്കാരത്തിനായി പരിഗണിക്കുന്നത്. നിശ്ചിതഫാറത്തിൽ തയ്യാറാക്കിയ അപേക്ഷകൾ 2022 ആഗസ്റ്റ് 31 നകം പി.ആർ.ഒ. സെക്ഷനിൽ സമർപ്പിക്കേണ്ടതാണ്. വിശദവിവരങ്ങൾക്കും അപേക്ഷാഫാറത്തിനും സർവകലാശാലയുടെ വെബ്സൈറ്റിൽ 'ന്യൂസ്' എന്ന ലിങ്ക് സന്ദർശിക്കുക.

വിശ്വസ്തതയോടെ,
ഒപ്പ്
പ്രൊഫ.(ഡോ.)കെ.അനിൽകുമാർ
രജിസ്ട്രാർ

പകർപ്പുകൾ:

(1) വി.സി./പി.വി.സി. എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ (2) രജിസ്ട്രാർ/പരീക്ഷാകൺട്രോളർ/ഫിനാൻസ് ഓഫീസർ/പ്ലാനിംഗ് ഡയറക്ടർ എന്നിവരുടെ പി.എ. മാർ (3) എല്ലാ വകുപ്പ് മേധാവികൾക്കും (ജീവനക്കാരുടേയും അദ്ധ്യാപകരുടേയും ശ്രദ്ധയിൽപ്പെടുത്താൻ) (4) എല്ലാ ജോയിന്റ് രജിസ്ട്രാർ/ഡെപ്യൂട്ടി രജിസ്ട്രാർ/അസിസ്റ്റന്റ് രജിസ്ട്രാർ (5) ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ